GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/10/2026

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 13, 14 ദിവസങ്ങളിൽ പോഷക സമൃദ്ധം – സ്വാദിഷ്ഠം പരിപാടിയുടെ ഭാഗമായി **'സംരംഭകത്വ സാധ്യത നിറഞ്ഞ നൂതന അച്ചാറുകൾ'** എന്ന വിഷയത്തില് ദ്വിദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 1000/- രൂപ. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് ഒക്ടോബർ 23, 24 തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീര സംഘം ഭരണസമതി അംഗങ്ങൾക്ക് പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിന് താൽപര്യമുള്ളവർ ഒക്ടോബർ 14 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ 0495–2414579 എന്ന ഫോൺ നമ്പറിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിന്റെ പകർപ്പ് പരിശീനത്തിന് എത്തുന്നവർ ഹാജരാക്കേണ്ടതാണ്.

3. കേരള കാർഷിക സർവകലാശാലയുടെയും സാമൂഹിക സുരക്ഷാ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി, അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന 6 മാസത്തെ സൗജന്യ ഹോർട്ടികൾച്ചറൽ തെറാപ്പി പരിശീലന കോഴ്സിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ഒക്ടോബർ 29. 18 വയസിനു മുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അപേക്ഷിക്കാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിന സ്റ്റൈപ്പന്റും

ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 7306195043, 7306465654 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. വെള്ളായണി കാർഷിക കോളേജ് നടപ്പാക്കുന്ന കസ്റ്റോഡിയൻ കർഷക ശാക്തീകരണ പദ്ധതിയിലേക്ക് ജില്ലയിലെ കർഷകർക്ക് അപേക്ഷിക്കാം. പരമ്പരാഗത വിളകളും വിത്തുകളും, നാടൻ പശു, ആട്, പന്നി, കോഴി, താറാവ്, തനത് മത്സ്യയിനങ്ങൾ എന്നിവ സംരക്ഷിക്കുന്ന കർഷകർക്ക് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സൗജന്യ കാർഷിക കിറ്റ് നൽകും. കർഷക സംഗമം, ആദരിക്കൽ, വിത്ത് കൈമാറ്റം, പരമ്പരാഗത വിഭവങ്ങളുടെ പ്രദർശനം, വിപണന മേള എന്നിവയും സംഘടിപ്പിക്കും. https://forms.gle/yAG72gbqGy2DNWbC8 എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാം.

5. റബ്ബറിലെ ഇല രോഗങ്ങളെ ചെറുക്കാൻ സഹായിക്കുന്ന ക്രൗൺബഡ്ഡിങ് രീതിയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിലേക്ക് വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എഡ്വിൻ പ്രേം മറുപടിനൽകും. ഇന്ന് ഒക്ടോബർ 09 വെള്ളിയാഴ്ച രാവിലെ 10 മുതൽ

ഉച്ചയ്ക്ക് 1 മണിവരെ 0481 2576622 എന്ന കോൾസെന്റർ നമ്പറിലേയ്ക്ക് വിളിക്കാവുന്നതാണ്.

6. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് ഒക്ടോബർ 27, 28, 29 തീയതികളിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റ്, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് എന്നിവർക്കായി പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിന് താൽപര്യമുള്ളവർ ഒക്ടോബർ 23 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ 0495-2414579 എന്ന ഫോൺ നമ്പറിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിന്റെ പകർപ്പ് പരിശീനത്തിന് എത്തുന്നവർ ഹാജരാക്കേണ്ടതാണ്.